ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:09.04.2026

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണിവരെ 33.28 ശതമാനം പോളിംഗ്; വോട്ടെടുപ്പ് വൈകിട്ട് ആറു വരെ തുടരും
2. നിയമസഭയിലേക്കുള്ള വോട്ടെടുപ്പിലെ റെക്കോർഡ് പങ്കാളിത്തം കേരളത്തിന്റെ ജനാധിപത്യ മൂല്യങ്ങൾക്ക് ഊർജ്ജം പകരുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി
3. വോട്ട് രേഖപ്പെടുത്തി സ്ഥാനാർത്ഥികൾ ഉൾപ്പെടെയുള്ള പ്രമുഖർ; കന്നി വോട്ടർമാരെ ഹൽവ നൽകി വരവേറ്റ് തിരഞ്ഞെടുപ്പ് കമ്മീഷൻ.
4. അസമിലും പുതുച്ചേരിയിലും നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു; 11 മണിവരെ അസമിൽ 38.92 ശതമാനവും പുതുച്ചേരിയിൽ 37.06 ശതമാനവും പോളിംഗ്.
5. തമിഴ്നാട്ടിലും, ആദ്യഘട്ട തിരഞ്ഞെടുപ്പ് നടക്കുന്ന പശ്ചിമ ബംഗാളിലും നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും.

RNU TVPM

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലഖ്നൗ സൂപ്പർ ജയന്റ്സ് പോരാട്ടം.

## നിയമസഭാ തിരഞ്ഞെടുപ്പ്

സംസ്ഥാനത്ത് നിയമസഭ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പ് സുഗമമായി പുരോഗമിക്കുന്നു. മോക് പോളിനു ശേഷം രാവിലെ ഏഴു മുതലാണ് വോട്ടെടുപ്പ് ആരംഭിച്ചത്. 140 മണ്ഡലങ്ങളിലായി 883 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 2.71 കോടി വോട്ടർമാരാണ് സംസ്ഥാനത്തുള്ളത്. കേന്ദ്ര സേനയുടെ 160 സംഘങ്ങൾക്ക് പുറമെ 76,000 പോലീസ് ഉദ്യോഗസ്ഥരെ സുരക്ഷാ ക്രമീകരണങ്ങൾക്കായി വിന്യസിച്ചിട്ടുണ്ട്. വോട്ടെടുപ്പ് വൈകിട്ട് ആറു മണി വരെ തുടരും.

RNUTVPM

## പ്രധാനമന്ത്രി - വോട്ടെടുപ്പ്

നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള വോട്ടെടുപ്പിൽ മികച്ച പങ്കാളിത്തം ഉറപ്പാക്കാൻ കേരളത്തിലെ ജനങ്ങളോട് അഭ്യർത്ഥിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. റെക്കോർഡ് പങ്കാളിത്തം കേരളത്തിന്റെ ജനാധിപത്യ മൂല്യങ്ങൾക്ക് ഊർജ്ജം പകരുമെന്നും യുവാക്കളും സ്ത്രീകളും വോട്ട് ചെയ്യാൻ മുന്നോട്ടു വരണമെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. അസം, പുതുച്ചേരി

എന്നിവിടങ്ങളിലെ വോട്ടർമാരോടും വോട്ടവകാശം വിനിയോഗിക്കാൻ പ്രധാനമന്ത്രി അഭ്യർത്ഥിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**കേരളം-വോട്ടെടുപ്പ് (ഇൻട്രോ)**

സംസ്ഥാനത്ത് വോട്ടെടുപ്പ് പുരോഗമിക്കുന്നു. 11 മണിവരെ 33.28 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്.

***കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**വോട്ടിംഗ് ശതമാനം**

സംസ്ഥാനത്ത് 11 മണി വരെ 33.28 ശതമാനം പോളിങ് രേഖപ്പെടുത്തി. തിരുവനന്തപുരത്തു 33.39 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. കൊല്ലം 32.94, പത്തനംതിട്ട 33.36 , ആലപ്പുഴ 33.79 , കോട്ടയം 33.01 ശതമാനവും വോട്ടിംഗ് രേഖപ്പെടുത്തി. ഇടുക്കിയിൽ 32.34 , എറണാകുളത്തു 35.86 , തൃശൂരിൽ 34.13 , പാലക്കാട് 34.05 ശതമാനവുമാണ് പൊളിങ്. മലപ്പുറം 32, കോഴിക്കോട് 33.1, വയനാട് 33.43, കണ്ണൂര് 32.22, കാസർഗോഡ് 31.2 പേരുമാണ് ഇതുവരെ വോട്ട് ചെയ്തത്.

❁❁❁❁❁❁❁❁❁❁❁❁❁

RNU TVPM

**തിരുവനന്തപുരം(ഇൻട്രോ)**

തിരുവനന്തപുരം ജില്ലയിൽ വോട്ടെടുപ്പ് സുഗമമായി പുരോഗമിക്കുന്നു. 14 നിയമസഭാ മണ്ഡലങ്ങളാണ് ജില്ലയിൽ ആകെ ഉള്ളത്.

***ജില്ലയിലെ ഏറ്റവും പുതിയ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി രെജു കോലിയക്കോട് ചേരുന്നു.***

രെജു തിരുവനന്തപുരം ജില്ലയിലെ വിശേഷങ്ങൾ പങ്കുവയ്ക്കാമോ? ജില്ലയിലെ മലയോര മേഖലകളിലും തീരദേശ മേഖലയിലുമൊക്കെ ബൂത്തുകളിൽ തിരക്ക് അനുഭവപ്പെടുന്നുണ്ടോ?

***(ഫോൺ ഇൻ ഹോൾഡ്......)***

നന്ദി രെജു.

RNU TVPM

**കന്നി വോട്ട്-ഹൽവ**

നിയമസഭ തിരഞ്ഞെടുപ്പിൽ കന്നി വോട്ട് ചെയ്യാനെത്തുന്നവരെ ഹൽവ നൽകി വരവേറ്റ് തിരഞ്ഞെടുപ്പ് കമ്മീഷൻ. ഓരോ മണ്ഡലത്തിലെയും തിരഞ്ഞെടുത്ത ബൂത്തുകളിലാണ് ആദ്യമായി വോട്ട് ചെയ്യുന്നവർക്ക് മധുരം നൽകിയത്. കന്നി വോട്ടർമാരുടെ പങ്കാളിത്തം വർധിപ്പിക്കാനും അവരെ

അഭിനന്ദിക്കാനുമായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ പ്രഖ്യാപിച്ച 'വോട്ട് സ്വീറ്റൻഡ് കേരള' ക്യാമ്പയിനിൻറെ ഭാഗമായാണ് മധുരവിതരണം.

❁❁❁❁❁❁❁❁❁❁❁❁❁

**കോട്ടയം (ഇൻട്രോ)**

നിയമസഭാ തിരഞ്ഞെടുപ്പ് കോട്ടയം ജില്ലയിൽ വോട്ടിംഗ് തുടങ്ങി ആദ്യ മണിക്കൂറിൽ തന്നെ വിവിധ മണ്ഡലങ്ങളെ സ്ഥാനാർത്ഥികൾ വോട്ട് രേഖപ്പെടുത്തി.

**ആകാശവാണി കോട്ടയം ജില്ലാ പ്രതിനിധി ദേവിക എസ്. നായർ തയ്യാറാക്കിയ റിപ്പോർട്ട്.....**

**(ഹോൾഡ് വോയ്സ്.....)**

❁❁❁❁❁❁❁❁❁❁❁❁❁

**കോട്ടയം (വോയിസ്)**

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ എല്ലാ പോളിംഗ് ബൂത്തുകളിലെയും പൊതുവായ നടപടിക്രമങ്ങൾ കളക്ടറേറ്റിലെ വെബ് കാസ്റ്റിംഗ് കൺട്രോൾ റൂമിൽ തൽസമയം കാണാൻ ക്രമീകരങ്ങൾ ഒരുക്കിയിട്ടുണ്ട്. ജില്ലയിൽ നിയമസഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പിനായി 1,791 പോളിംഗ് ബൂത്തുകളാണ് ഒരുക്കിയിരിക്കുന്നത്.

RIJU TVPM

വോട്ടിംഗ് മെഷീൻ തകരാറിലായതിനെ തുടർന്ന് പുതുപ്പള്ളി മണ്ഡലത്തിലെ ആർമാനൂർ ഗവണ്മെന്റ് സ്കൂളിലെ ബൂത്തിൽ വോട്ടിംഗ് മുടങ്ങി. ജില്ലയിലെ എല്ലാ നിയോജക മണ്ഡലത്തിലും ഒന്നുവീതം പിങ്ക് ബൂത്തുകൾ ക്രമീകരിച്ചിട്ടുണ്ട്. കോട്ടയം നഗരസഭയിലെ വേളൂർ അങ്കണവാടിയിലെ ബൂത്താണ് നൂറു ശതമാനം ഭിന്നശേഷി ബൂത്തായി ക്രമീകരിച്ചിട്ടുണ്ട്.

ന്യൂസ്ഡസ്ക് ആകാശവാണി.....

**ഇടുക്കി-പോളിംഗ്**

ഇടുക്കി ജില്ലയിലുടനീളമുള്ള പോളിംഗ് ബൂത്തുകളിൽ രാവിലെ മുതൽ വോട്ടർമാരുടെ നീണ്ട നിര ദൃശ്യമാണ്. ഏഴ് മണിക്ക് വോട്ടെടുപ്പ് ആരംഭിച്ചപ്പോൾ തന്നെ യുവാക്കളും സ്ത്രീകളും ഉൾപ്പെടെയുള്ളവർ വോട്ട് രേഖപ്പെടുത്താനെത്തി. ജില്ലയിലെ അഞ്ച് മണ്ഡലങ്ങളിലായി സജ്ജീകരിച്ച 1,076 ബൂത്തുകളിലും കനത്ത സുരക്ഷയാണ് പോലീസ് ഏർപ്പെടുത്തിയിരിക്കുന്നത്. ഉടുമ്പൻചോലയിലെയും അറക്കുളത്തെയും ചില ബൂത്തുകളിൽ വോട്ടിംഗ് യന്ത്രങ്ങൾ തകരാറിലായെങ്കിലും ഉദ്യോഗസ്ഥർ ഉടൻ തന്നെ പ്രശ്നം പരിഹരിച്ച് വോട്ടെടുപ്പ് പുനരാരംഭിച്ചു. സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിലും മികച്ച പോളിംഗാണ് രേഖപ്പെടുത്തുന്നത്.

RNU TVPM

## പ്രമുഖർ

പോളിംഗ് ആരംഭിച്ച് ആദ്യ മണിക്കൂറിൽ തന്നെ മിക്ക സ്ഥാനാർത്ഥികളും വോട്ട് രേഖപ്പെടുത്തി.

തൃത്താലയിലെ എൽഡിഎഫ് സ്ഥാനാർത്ഥിയും മന്ത്രിയുമായ എം ബി രാജേഷ് പാലക്കാട് ഷൊർണൂരിൽ വോട്ട് രേഖപ്പെടുത്തി. നെടുമങ്ങാട് നിയമസഭാ മണ്ഡലം എൽഡിഎഫ് സ്ഥാനാർത്ഥിയും മന്ത്രിയുമായ ജിആർ അനിൽ നിറമൺകര എൻഎസ്എസ് കോളേജിലും മന്ത്രി കെ കൃഷ്ണൻകുട്ടി വണ്ടിത്താവളം KKMLP സ്കൂളിലും വോട്ട് രേഖപ്പെടുത്തി. നേമം മണ്ഡലം എൽ ഡി എഫ് സ്ഥാനാർത്ഥിയും മന്ത്രിയുമായ വി ശിവൻകുട്ടി ഈഞ്ചക്കൽ യു പി എസിൽ വോട്ട് രേഖപ്പെടുത്തി. എൽഡിഎഫ് സ്ഥാനാർത്ഥിയും മന്ത്രിയുമായ ഒ ആർ കേളു കാട്ടിക്കുളം എടയൂർകുന്നിൽ വോട്ടു രേഖപ്പെടുത്തി. മന്ത്രിയും കളമശ്ശേരി എൽ ഡി എഫ് സ്ഥാനാർഥിയുമായ പി രാജീവും വോട്ട് രേഖപ്പെടുത്തി. തിരുവനന്തപുരം കഴക്കൂട്ടം നിയമസഭാ മണ്ഡലം എൻ ഡി എ സ്ഥാനാർത്ഥി വി മുരളീധരൻ തിരുവനന്തപുരം ഉള്ളൂർ കൊട്ടാരം ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. കാട്ടാക്കട നിയമസഭാ മണ്ഡലത്തിലെ എൻ ഡി എ സ്ഥാനാർത്ഥി പി കെ കൃഷ്ണദാസ്

RNU TVPM

കുളത്തുമ്മൽ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ വോട്ട് രേഖപ്പെടുത്തി. വട്ടിയൂർക്കാവ് മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർത്ഥി ആർ ശ്രീലേഖ തിരുവനന്തപുരം കോട്ടൺഹിൽ സ്കൂളിൽ വോട്ട് ചെയ്തു. എൻഡിഎ സ്ഥാനാർത്ഥി പത്മജാ വേണുഗോപാൽ പൂങ്കുന്നം ഹരിശ്രീ സ്കൂളിലാണ് വോട്ട് ചെയ്തത്. ബിജെപി ദേശീയ ഉപാധ്യക്ഷൻ എ പി അബ്ദുള്ള കുട്ടി പള്ളിക്കുന്ന് രാധാ വിലാസം യു പി സ്കൂലെ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. എൽ ഡി എഫ് സ്ഥാനാർഥി രാമചന്ദ്രൻ കടന്നപ്പള്ളി ചെറുവാച്ചേരി ഗവ. എൽ പി സ്കൂളിലെ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. എലത്തൂർ മണ്ഡലം സ്ഥാനാർത്ഥിയും മന്ത്രിയുമായ എ കെ ശശീന്ദ്രൻ ചൊവ്വ ധർമ്മ സമാജം യു പി സ്കൂളിൽ വോട്ട് ചെയ്തു. എം കെ രാഘവൻ എം പി മാതൃ ബന്ധു സ്കൂളിൽ വോട്ട് രേഖപ്പടുത്തി. തൊടുപുഴയിലെ യുഡിഎഫ് സ്ഥാനാർത്ഥി അപു ജോൺ ജോസഫ് വോട്ട് രേഖപ്പെടുത്തി. തൃപ്പൂണിത്തുറ എൻ ഡി എ സ്ഥാനാർഥി അഞ്ജലി നായർ പടമുകൾ ജമാഅത്ത് പബ്ലിക് സ്കൂളിൽ വോട്ട് ചെയ്തു. കാട്ടാക്കട നിയമസഭാ മണ്ഡലം എൽ ഡി എഫ് സ്ഥാനാർത്ഥി ഐ ബി സതീഷ് കൊറ്റംപള്ളിയിൽ സമ്മതിദാന അവകാശം വിനിയോഗിച്ചു.

**പ്രമുഖർ- സാംസ്കാരികം**

RNU TVPM

ചലച്ചിത്ര താരങ്ങളായ മോഹൻലാലും, മമ്മൂട്ടിയും പൃഥ്വിരാജും ആസിഫ് അലിയും ടൊവിനോ തോമസും കുഞ്ചാക്കോ ബോബനും, സംവിധായകൻ സത്യൻ അന്തിക്കാടും വോട്ട് രേഖപ്പെടുത്തിയ പ്രമുഖരിൽ ഉൾപ്പെടുന്നു. എഴുത്തുകാരൻ എം മുകുന്ദൻ പള്ളൂർ കസ്തൂർബ ഗാന്ധി ഗവ. ഹൈസ്കൂളിൽ വോട്ട് രേഖപ്പെടുത്തി.

❁❁❁❁❁❁❁❁❁❁❁❁❁

**ആലപ്പുഴ- വോട്ടെടുപ്പ്**

ആലപ്പുഴ ജില്ലയിൽ വോട്ടെടുപ്പ് സമാധാനപരമായി പുരോഗമിക്കുന്നു. കായലോര,കടലോര മേഖലയിലെ ബൂത്തുകളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**എറണാകുളം (ഇൻട്രോ)**

എറണാകുളം ജില്ലയിൽ വോട്ടെടുപ്പ് സമാധാനപരമായി പുരോഗമിക്കുന്നു.

***ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി***

***നഹീമ P. തയ്യാറാക്കിയ റിപ്പോർട്ട്.....***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

## എറണാകുളം (വോയിസ്)

രാവിലെ ഏഴു മുതൽ ജില്ലയിലെ മിക്ക ബൂത്തുകളിലും വോട്ടർമാരുടെ വലിയ നിര ഉണ്ടായിരുന്നു. അനിഷ്ട സംഭവങ്ങൾ എവിടെയും റിപ്പോർട്ട് ചെയ്തിട്ടില്ല. ജില്ലയിലാകെ 25,03,842 വോട്ടർമാർ ആണ് ഉള്ളത്. രാഷ്ട്രീയ നേതാക്കൾ, സിനിമ താരങ്ങൾ, സ്ഥാനാർഥികൾ ഉൾപ്പെടെയുള്ള പ്രമുഖർ രാവിലെ തന്നെ വോട്ട് ചെയ്യാൻ എത്തിയിരുന്നു. പറവൂർ കേസരി കോളജിലെ 134-ാം ബൂത്തിൽ മെഷീൻ തകരാറിലായ കാരണം ഇടയ്ക്ക്. വോട്ടെടുപ്പ് നിർത്തി വെച്ചെങ്കിലും വൈകാതെ പുനരാരംഭിച്ചു. ജില്ലാ കളക്ടർ ജി. പ്രിയങ്ക ഭർത്താവ് നീതീഷ് സിൻഹയ്‌ക്കൊപ്പം എറണാകുളം എസ്.ആർ.വി സ്കൂളിലെ 145 -ാം നമ്പർ ബൂത്തിൽ വോട്ട് രേഖപ്പെടുത്തി. ജില്ലയിൽ ആകെ 3148 പോളിംഗ് സ്റ്റേഷനുകളാണുള്ളത്. വനിതകൾ നിയന്ത്രിക്കുന്ന 14 ബൂത്തുകളും, 70 മോഡൽ പോളിംഗ് സ്റ്റേഷനുകളും, ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന 2 ബൂത്തുകളും ജില്ലയിൽ സജ്ജീകരിച്ചിട്ടുണ്ട്.

ജില്ലയിലെ എല്ലാം ബൂത്തുകളും വനിതാ ശിശു സൗഹൃദമാണെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു.

***ന്യൂസ് ഡസ്ക് ആകാശവാണി......***

RNUTVPM

**പത്തനംതിട്ട-വോട്ടെടുപ്പ്**

പത്തനംതിട്ട ജില്ലയിലും വോട്ടെടുപ്പ് മികച്ച രീതിയിൽ പുരോഗമിക്കുന്നു. ആങ്ങമൂഴി, മുണ്ടുകോട്ടയ്ക്കൽ, തിരുവല്ല, ഇരതോട് എന്നിവിടങ്ങളിലെ വോട്ടിംഗ് യന്ത്രങ്ങളിലെ തകരാർ, വൈദ്യുത തകരാർ എന്നിവ മൂലം വോട്ടെടുപ്പ് തുടങ്ങാൻ അല്പം വൈകിയെങ്കിലും നിലവിൽ ജില്ലയിലെ എല്ലാ പോളിംഗ് ബൂത്തുകളിലും വോട്ടെടുപ്പ് സുഗമമായി നടക്കുന്നു. അഞ്ച് നിയോജകമണ്ഡലങ്ങളിലായി ആകെ 25 സ്ഥാനാർഥികളാണ് ജനവിധി തേടുന്നത്.

RNUTVPM

**വയനാട്-ചൂരൽമല**

വയനാട്ടിൽ പോളിംഗ് പുരോഗമിക്കുന്നു. ഗ്രാമീണ മേഖലകളിലും നീണ്ട നിരയാണ് ദൃശ്യമാകുന്നത്. ചൂരൽ മലയിലെ ദുരന്തബാധിതർക്കായി ജില്ലാ ഭരണകൂടം വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണയും ഒരുക്കിയത്.

**പാലക്കാട്-(ഇൻട്രോ)**

12 നിയമസഭാ മണ്ഡലങ്ങളുള്ള പാലക്കാട് ജില്ലയിൽ വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. രാവിലെ പല പോളിങ് ബൂത്തുകളിലും വോട്ടർമാരുടെ നീണ്ട നിരയാണ് അനുഭവപ്പെട്ടത്.

***പാലക്കാട് ജില്ലയിലെ തത്സമയ തിരഞ്ഞെടുപ്പ് വിശേഷങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത് ചേരുന്നു.***

ഫൈസൽ, ജില്ലയിലെ വോട്ടെടുപ്പ് എങ്ങനെ പുരോഗമിക്കുന്നു? വേനൽ ചൂട് പോളിങ്ങിനെ ബാധിച്ചിട്ടുണ്ടോ? അനിഷ്ട സംഭവങ്ങൾ എന്തെങ്കിലും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ?

***(ഫോൺ ഇൻ........ഹോൾഡ് )***

RNUTVPM

നന്ദി ഫൈസൽ

**അസം പുതുച്ചേരി- വോട്ടെടുപ്പ്**

അസം, കേന്ദ്രഭരണ പ്രദേശമായ പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പും പുരോഗമിക്കുന്നു. രാവിലെ 11 മണി വരെ അസമിൽ 38.92 ശതമാനവും പുതുച്ചേരിയിൽ 37.06 ശതമാനവും പോളിംഗ് രേഖപ്പെടുത്തി. അസമിലെ 126 സീറ്റുകളിലേക്കും പുതുച്ചേരിയിലെ 30 സീറ്റുകളിലേക്കും ഒറ്റ

ഘട്ടമായാണ് വോട്ടെടുപ്പ്. വൈകുന്നേരം 6 മണി വരെ പോളിംഗ് തുടരും.

❁❁❁❁❁❁❁❁❁❁❁❁❁

**തമിഴ്നാട്-നാമനിർദ്ദേശ പത്രിക**

തമിഴ്നാട്ടിൽ നിയമസഭാ തിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശം പിൻവലിക്കാനുള്ള സമയപരിധി ഇന്നവസാനിക്കും. ലഭിച്ച 7,599 നാമനിർദ്ദേശങ്ങളിൽ 5,024 എണ്ണം സാധുവായി അംഗീകരിക്കപ്പെട്ടു. 2,470 നാമനിർദ്ദേശങ്ങൾ നിരസിക്കപ്പെട്ടു. 234 മണ്ഡലങ്ങളിലേക്ക് ഈ മാസം 23-ന് ഒറ്റ ഘട്ടമായി വോട്ടെടുപ്പ് നടക്കും. തമിഴ്നാട്ടിൽ 5 കോടി 73 ലക്ഷം വോട്ടർമാരാണുള്ളത്. അതേസമയം പശ്ചിമ ബംഗാളിൽ ആദ്യ ഘട്ട വോട്ടെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക പിൻവലിക്കാനുള്ള അവസാന ദിവസവും ഇന്നാണ്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**ഐപിഎൽ**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ലഖ്നൗ സൂപ്പർ ജയന്റ്സിനെ നേരിടും. രാത്രി 7.30 ന് കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിലാണ് മത്സരം .

❁❁❁❁❁❁❁❁❁❁❁❁❁

## മൊബൈൽ നിരോധനം

പോളിങ് ബൂത്തിനുള്ളിൽ മൊബൈൽ ഫോൺ ഉപയോഗം കർശനമായി നിരോധിച്ചിട്ടുണ്ട്. വോട്ടെടുപ്പിൻറെ രഹസ്യ സ്വഭാവം സൂക്ഷിക്കുന്നതും സുരക്ഷാ സംവിധാനങ്ങളും കണക്കിലെടുത്താണ് നടപടി. വോട്ടർമാർ മൊബൈൽ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് ബൂത്തുകളിലെ പ്രത്യേക സഞ്ചികളിൽ നിക്ഷേപിച്ച് സൂക്ഷിപ്പുകാരിൽ നിന്ന് ടോക്കൺ
വാങ്ങേണ്ടതാണ്. വോട്ടിട്ട ശേഷം ടോക്കൺ നൽകി ഫോൺ തിരികെ വാങ്ങാം.

❁❁❁❁❁❁❁❁❁❁❁❁❁

## കുഴഞ്ഞുവീണു മരിച്ചു

തൃശ്ശൂരിൽ, വാണിയംപാറ EKMUP സ്കൂളിൽ നിന്നും വോട്ട് ചെയ്ത് പുറത്തിറങ്ങിയ ആൾ കുഴഞ്ഞുവീണു മരിച്ചു.

രാമൻചിറ സ്വദേശി വിനോദ് ആണ് മരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## വിദേശ സംഘം

നിയമസഭാ തിരഞ്ഞെടുപ്പ് പ്രക്രിയ നേരിട്ട് കണ്ട് മനസിലാക്കുന്നതിന് വിവിധ വിദേശ രാജ്യങ്ങളിൽ നിന്നുള്ള 8 അംഗ സംഘം തിരുവനന്തപുരം ജില്ലയിൽ പര്യടനം

RNU TVPM

നടത്തുന്നു. ഇന്റർനാഷണൽ ഇലക്ഷൻ വിസിറ്റേഴ്സ് പ്രോഗ്രാമിന്റെ ഭാഗമായിട്ടാണ് സന്ദർശനം.

വിവിധ രാജ്യങ്ങളിലെ തിരഞ്ഞെടുപ്പ് മാനേജ്മെന്റ് ബോഡികളിൽ നിന്നുള്ള പ്രതിനിധികളാണ് ഇന്നലെ തലസ്ഥാനത്ത് എത്തിയത്. പോളിംഗ് സാമഗ്രി വിതരണ കേന്ദ്രങ്ങൾ, കൺട്രോൾ റൂമുകൾ എന്നിവ സംഘം സന്ദർശിച്ചു. എറണാകുളം പാലാരിവട്ടം വിൻസെന്റ് ഡി പോൾ കോൺവെൻ്റ് സ്കൂളിൽ സജ്ജീകരിച്ചിരിക്കുന്ന പിങ്ക് ബൂത്തും അന്താരാഷ്ട്ര പ്രതിനിധി സംഘം സന്ദർശിച്ചു.

RIJU TVPM

## സ്വർണ്ണം

സ്വർണ്ണ വില കുറഞ്ഞു. ഗ്രാമിന് 215 രൂപ കുറഞ്ഞ് 13,885 രൂപയും പവന് 1720 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 11,080 രൂപയാണ് ഇന്നത്തെ വില.

## തിരിച്ചറിയൽ രേഖ

തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന ഫോട്ടോ ഐഡന്റിറ്റി കാർഡിന് പുറമേ ആധാർ, പാൻകാർഡ്, പാസ്പോർട്ട് തുടങ്ങിയ അംഗീകൃത തിരിച്ചറിയൽ രേഖകളും വോട്ട് രേഖപ്പെടുത്തുന്നതിനായി ഉപയോഗിക്കാം. ഭിന്നശേഷി തിരിച്ചറിയൽ കാർഡ്, സർക്കാർ ജീവനക്കാരുടെ ഫോട്ടോ

പതിച്ച ഐഡി കാർഡുകൾ, ഫോട്ടോ പതിച്ച ബാങ്ക്, പോസ്റ്റ് ഓഫീസ് പാസ്സ് ബുക്കുകൾ തുടങ്ങിയവയും അംഗീകൃത തിരിച്ചറിയൽ രേഖകളിൽ ഉൾപ്പെടുന്നു.

## ലോകബാങ്ക്

ഈ സാമ്പത്തിക വർഷത്തിൽ ഇന്ത്യ ഉയർന്ന വളർച്ച രേഖപ്പെടുത്തുമെന്ന് ലോകബാങ്ക്. 6.3 ശതമാനത്തിൽ നിന്ന് 6.6 ശതമാനമായി ഉയരുമെന്നാണ് പ്രവചനം. ശക്തമായ ആഭ്യന്തര ആവശ്യകതയും സ്വതന്ത്ര വ്യാപാര കരാറുകളുമാണ് ഇതിന് കാരണമെന്നാണ് വിലയിരുത്തൽ.

RNU TVPM